12. സെക്രട്ടറി (ധനകാര്യം)

13. ഡയറക്ടർ, 'കില'.

14. സ്വിസ് ഏജൻസി ഫോർ ഡെവലപ്മെന്റ് ആന്റ് കോ ഓപ്പറേഷൻ പ്രതിനിധികൾ രണ്ടുപേർ.

15. 'കില' എക്സിക്യൂട്ടീവ് കൗൺസിൽ ചെയർപേഴ്സൺ.

16. എക്സിക്യൂട്ടീവ് കോർഡിനേറ്റർ (കാപ്ഡെക്) (സ്ഥിരം ക്ഷണിതാവ്).

കാപ്ഡെക് പദ്ധതി

19 (4454) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാപ്ഡെക് എന്ന പദ്ധതി നടപ്പാക്കുവാൻ ലഭിച്ച പണത്തേയും അതിന്റെ വിനിയോഗത്തെയും പറ്റി എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) ആ പണം ഉപയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾ സംസ്ഥാനത്തിന് എപ്രകാരം പ്രയോജനം ചെയ്തു എന്നന്വേഷിച്ചിട്ടുണ്ടോ ;

(സി) ഇല്ലാത്തപക്ഷം ഈ വക കാര്യങ്ങളെപ്പറ്റി സമഗ്രമായ ഒരന്വേഷണം നടത്തുമോ ?

ഉത്തരം

(എ&ബി) ഇല്ല.

(സി) വ്യക്തമായ പരാതി ലഭിച്ചാൽ അന്വേഷിക്കുന്നതാണ്.

കാപ്ഡെക് പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

20 (4455) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാപ്ഡെക് എന്ന പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു ;

(ബി) ആ പ്രോജക്ടിനെ എത്രയായി വിഭജിച്ചിരുന്നു ;

(സി) ഓരോന്നിനേയും സംബന്ധിച്ച വിശദാംശം നൽകുമോ ;

(ഡി) 24-12-1999-ലെ എം.എസ്.നമ്പർ 58/99/പ്ലാനിംഗ് എന്ന ജി.ഒ.യുടെ അഞ്ചാം ഖണ്ഡിക പ്രകാരം ഇതിന്റെ ഘടകങ്ങൾ എന്തെല്ലാമായിരുന്നു ;

(ഇ) അതനുസരിച്ച് കിലയെ ഒരു മികവിന്റെ കേന്ദ്രമാക്കണമായിരുന്നുവോ ;

(എഫ്) എങ്കിൽ അതിനുവേണ്ടി എസ്.ഡി.സി. നൽകിയ തുകയിൽ നിന്ന് എത്ര തുക വിനിയോഗിച്ചു ;

(ജി) കിലയെ എപ്രകാരം മികവിന്റെ കേന്ദ്രമാക്കി എന്ന് വ്യക്തമാക്കുമോ ;

(എച്ച്) ഇതിനായി ഒരു തുകയും വിനിയോഗിക്കാത്തപക്ഷം അതിനുള്ള കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

Page 1